# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**പി എച്ച് ഡി പ്രവേശനം രണ്ടാം ഘട്ടം – ഓൺലൈൻ റിപ്പോർട്ടിങ് സൗകര്യം**

കാലിക്കറ്റ് സർവകലാശാല പി എച്ച് ഡി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന ഷെഡ്യൂൾ പ്രകാരം, താല്പര്യമുള്ള ഗവേഷണ കേന്ദ്രങ്ങളിൽ 15.05.2025 തിയ്യതിക്കകം റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രവേശന വിഭാഗം വെബ്സൈറ്റിൽ (https://admission.uoc.ac.in) പ്രസിദ്ധീകരിച്ചിട്ടുള്ള പി എച്ച് ഡി 2024 പ്രവേശന വിജ്ഞാപനപ്രകാരമുള്ള ഒഴിവു വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പി എച്ച് ഡി 2024 പ്രവേശനവുമായി ബന്ധപ്പെട്ട് ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് **ഇമെയിൽ വഴി** ഗവേഷണ കേന്ദ്രങ്ങളിൽ റിപ്പോർട്ടിങിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ് . ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അവരുടെ അപേക്ഷയിൽ നൽകിയിരിക്കുന്ന ഇമെയിൽ വിലാസത്തിൽ നിന്നും, ഗവേഷണ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ (https://dor.uoc.ac.in) ലഭ്യമായ, ഗവേഷണ കേന്ദ്രങ്ങളുടെ ഔദ്യോഗിക ഇ മെയിൽ വിലാസത്തിലേക്കാണ് ഇമെയിൽ ചെയ്യേണ്ടത്. റിപ്പോർട്ട് ചെയ്ത വിദ്യാർത്ഥികളെ മാത്രമേ അഭിമുഖത്തിന് ക്ഷണിക്കുകയുള്ളൂ.

പി.എച്ച്.ഡി 2024 രണ്ടാം ഘട്ട അഡ്മിഷൻ സംബന്ധിച്ച വിശദമായ ഷെഡ്യൂളിനായി, admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ക യു കാമ്പസ്
08.05.2025

**(ഒപ്പ്)**
**ഡയറക്ടർ**